# Desabhimani
# 28 July 2018
# Thiruvananthapuram; Troops Ready



## സേനാവിഭാഗങ്ങൾ തയ്യാർ: മുഖ്യമന്ത്രി

**തിരുവനന്തപുരം**

ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യമുണ്ടായാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വിവിധ സേനാ വിഭാഗങ്ങളെ സജ്ജമാക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. എറണാകുളത്ത് ആലുവ യൂത്ത് ഹോസ്റ്റലിൽ ദേശീയ ദുരന്ത നിവാരണസേനയുടെ ഒരു സംഘമുണ്ട്. തൃശൂരിലും ഒരു സംഘം സജ്ജമാണ്. ഒരു സംഘം ഇടുക്കിയിലും എത്തി.

കര, നാവിക, വായുസേന, കോസ്റ്റ് ഗാർഡ് എന്നിവ ജാഗരൂകരായി ഇരിക്കാനുള്ള സന്ദേശം നൽകി. വായുസേനയുടെ രണ്ട് ഹെലികോപ്ടറും സജ്ജമാക്കി വച്ചു. നാവികസേനയും കരസേനയും തയ്യാറായി നിൽക്കുന്നു. എറണാകുളത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയാൽ വിന്യസിക്കാൻ സജ്ജമായ ചെറു ബോട്ടുകളുമായി കോസ്റ്റ് ഗാർഡ് സംഘവുമുണ്ട്.

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഷട്ടർ തുറക്കുന്ന സാഹചര്യമുണ്ടായാൽ ഈ മേഖലയിൽ വിനോദസഞ്ചാരികളെ പ്രവേശിപ്പിക്കുന്നത് തടയാൻ നിർദേശം നൽകിയിട്ടുണ്ട്.

താഴേക്കുള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിലും പാലങ്ങളിലും ആളുകൾ കൂട്ടംകൂടിനിൽക്കുന്ന സ്ഥിതി ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ആവശ്യമായ സഹായം പൊലീസിൽനിന്ന് ലഭ്യമാക്കി, നദീതീരത്തും നദിക്ക് കുറുകെയുള്ള പാലങ്ങളിലും ജനക്കൂട്ട നിയന്ത്രണം ഉറപ്പുവരുത്തണം. നദിയുടെ ഇരുകരയിലും 100 മീറ്ററിൽ ആരും നിൽക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. കാഴ്ച കാണാനും സെൽഫി എടുക്കാനുമുള്ള യാത്ര ഒഴിവാക്കണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.